485

84-ാം സങ്കീർത്തനം

നിത്യാനന്ദ ദൈവമേ! നിൻപൊൽകൂടാരം രമ്യമേ
യാഹ്വയിൻ പ്രാകാരത്തെ വാഞ്ഛിച്ചു മൂർച്ഛിക്കുന്നേ
നെന്മനം ദേഹവും ജീവന്നുറവയാം ദൈവത്തെ നോക്കി
പ്രഘോഷിച്ചിടുന്നിതാ-

1 വീടൊന്നു കുരികിലും കൂടൊന്നിതാ മീവലും
തേടിപ്പരം നേടിനാരവ്വണ്ണമിസ്സാധുവും
എന്നുടെ ഭൂപതിയും ദൈവവുമായവനേ!
നിൻ മന്ദിരത്തിലെ യാഗപീഠത്തെ ഞാനിന്നു
കത്തിനേൻ ഭാഗ്യപ്പെരുമയാൽ-

2 സർവ്വേശാ! നിൻ മന്ദിരവാസികളാം സർവ്വരും
നിർവ്വേദമില്ലാതൊരു ധന്യാത്മാക്കളാണഹോ!
നിന്നെ മനോഹരമാം വാണികളാലവരും
വർണ്ണിച്ചു വാഴ്ത്തി സ്തുതിക്കും ബലം
നിന്നിലുള്ള മനുഷ്യനോ ഭാഗ്യവാൻ ഭാഗ്യവാൻ-

3 ഇദ്ധന്യരിന്നുള്ളത്തിൽ സ്വർപ്പുരത്തിൻ പാതകൾ
വ്യക്തമായിട്ടുള്ളതാൽ തെറ്റില്ലവർ മാർഗ്ഗത്തിൽ
കണ്ണുനീർ താഴ്വരയിലായവർ സഞ്ചരിക്കേ
താഴ്വരയശ്രുവാൽ നീർക്കുളമാകിലും
മുന്മഴയാലതു സന്തോഷപൂർണ്ണമാം-

4 ശക്തിപ്പെടുമീ വനസഞ്ചാരികൾ മേൽക്കുമേൽ
ആരും നശിക്കാതവർ ചെന്നിടുമേ ദൈവമുൻ
സൈന്യാധിപൻ യഹോവേ! കേൾക്കുക പ്രാർത്ഥനയെ
യിസ്രായേലിൻ പരാ! യാചന കേട്ടെനി-
ക്കുത്തരമേകണമുൾക്കനിവോടു നീ-

5 ഞങ്ങൾക്കു ഫലകമേ! നോക്കുക നീ ഞങ്ങളെ

നിന്നഭിഷിക്തർ മുഖം നാഥാ! കടാക്ഷിക്കുക
നിന്നുടെ പ്രാകാരത്തിൽ പാർക്കുന്നോരകദിന-
മന്യമാമായിരം വാസരത്തിൽ ബഹു-
മാന്യമായിത്തവ ദാസൻ ഗണിക്കുന്നു

6 ദുഷ്ടസദനങ്ങളിൽ പാർപ്പതെക്കാൾ നിന്നുടെ
ശിഷ്ടനിവാസത്തിലെ ദ്വാസ്ഥത കൈക്കൊൾവതു
ഇഷ്ടമാണീയെനിക്കു യാഹ്വയാം ദേവൻ മമ
ശത്രുവിന്നസ്ത്രം തടുക്കുന്ന ഖേടവും
മിത്രമായുള്ളൊരു മിത്രനുമാണഹോ-

7 ദേവൻ കൃപ നൽകുന്നു ദേവൻ ദ്യുതിയേകുന്നു
നേരുള്ളവർക്കെന്നുമേ നന്മ മുടക്കില്ലവൻ
സൈന്യങ്ങളിൻ യഹോവേ! ധന്യരാം നിൻ ഭൃതകർ
വന്ദിതനാം ത്രിയേകന്നു നിത്യം മഹി-
മോന്നതിയുായ് വരട്ടെ നിരന്തരം-

K.V.S.